## അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം

(സാന്നിദ്ധ്യം - ഡി. രാജീവ്, ഐ.ഒ.എഫ്.എസ്)

വിഷയം - എക്സൈസ് ഭരണപരം - മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകി പുറപ്പെടുവിക്കുന്നു - ഉത്തരവ്.

പരാമർശം - 1) ഉത്തരവ് നമ്പർ. XD3-2499/2010(Vol.II) തീയതി 02-01-2013 (പ്രിവന്റീവ് ഓഫീസർമാരുടെ 01-07-2003 മുതൽ 31-12-2008 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്).
2) ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന്റെ 18-01-2020-ലെ അപേക്ഷ.
3) മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21-01-2020, 26-02-2020 തീയതിയിലെ EDOMPM 1/2020/M1 നമ്പർ കത്തുകൾ.

### ഉത്തരവ് നമ്പർ. എക്സ്.ഡി3-193379/2020 തീയതി 05-05-2020

മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകുന്നതിനായി പരാമർശം (3) പ്രകാരം മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി. പരാമർശം (1) പ്രകാരമുള്ള പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ. 679 ആയി ശ്രീ. ഫസലു റഹ്മാൻ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷനാവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്തതിനാൽ ടിയാന് നാളിതുവരെ പ്രൊമോഷൻ നൽകിയിട്ടില്ലാത്തതാണ്. എന്നാൽ ടിയാന് 18-01-2020-ന് 50 വയസ് പൂർത്തിയായിട്ടുള്ളതിനാൽ KS & SSR Rule 13(B) യുടെ ആനുകൂല്യം നൽകി അസിസ്റ്റൻന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്ന് സൂചന (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2) ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന്റെ സേവന പുസ്തകം പരിശോധിച്ചതിൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പത്താം ക്ലാസ് അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ട്. ടിയാന് 20-08-2011-ന് മുമ്പ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാന കയറ്റം ലഭിച്ചിട്ടുള്ളതുമാണ്. ടിയാന് 18-01-2020-ന് 50 വയസ് പൂർത്തിയായിട്ടുണ്ട്. ആയതിനാൽ KS & SSR Rule 13(B) യുടെ ആനുകൂല്യം നൽകി, വിശേഷാൽ ചട്ടത്തിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് ടിയന് അസിസ്റ്റൻന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാവുന്നതാണ്.

3) മേൽ സാഹചര്യത്തിൽ പ്രിവന്റീവ് ഓഫസർ ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന് 50 വയസ് പൂർത്തിയായ സാഹചര്യത്തിൽ KS & SSR ചട്ടം 13(B)-യുടെ അടിസ്ഥാനത്തിൽ വിശേഷാൽ ചട്ടത്തിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ

വിജയിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് 29200-62400/-രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റൻറ്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാന കയറ്റം നൽകി തിരൂർ എക്സൈസ് റെയിഞ്ച് ഓഫീസിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)

ഗ്രാഹകൻ

ശ്രീ. ഫസലു റഹ്മാൻ. പി.എം,
പ്രിവന്റീവ് ഓഫീസർ
(മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം)

പകർപ്പ് -
1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്).
2) ജോയിന്റ് എക്സൈസ് കമ്മീഷണർ, വടക്കൻ മേഖല.
3) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, മലപ്പുറം (പ്രിവന്റീവ് ഓഫീസർ ശ്രീ. ഫസലു റഹ്മാൻ. പി.എം.-ന്റെ സേവന പുസ്തകം ഇതോടൊപ്പം അയക്കുന്നു. കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്) - (Regd. With A/D.)
4) ഉത്തരവ് ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ജെ.എം.